# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

VOL. XXXXIX/FK- 96 2016 SEPTEMBER 20 NO. 9


### സർക്കുലർ - 20

## മിഷൻ കോൺഗ്രസ്സും ബി.സി.സി. കൺവെൻഷനും - 2017

ബഹുമാനപ്പെട്ട വൈദികരേ,
സന്യസ്ത സഹോദരരേ, പ്രിയമക്കളേ,

ഒക്ടോബർമാസം മൂന്നാം ഞായറാഴ്ച സാർവ്വത്രിക സഭയോടൊപ്പം നാം മിഷൻ ഞായറായി ആചരിക്കാൻ ഒരുങ്ങുകയാണല്ലോ. എത്രമാത്രം താല്പര്യത്തോടുകൂടിയാണ് നാം യേശുവിന്റെ സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്നതെന്ന് ആത്മപരിശോധന ചെയ്തുനോക്കാനുള്ള ഒരു അവസരമാണിത്. കരുണയുടെ ഈ ജൂബിലി വർഷത്തിൽ എപ്പോഴും എവിടെയും സുവിശേഷത്തിന് സാക്ഷ്യം വഹിക്കാനുള്ള സഭാംഗങ്ങളുടെ ദൗത്യത്തെ ഏറ്റവും വലിയ കാരുണ്യപ്രവൃത്തിയായിട്ടാണ് ഫ്രാൻസിസ് പാപ്പാ കാണുന്നത്. എല്ലാ മനുഷ്യരെയും ദൈവസ്നേഹത്തിന്റെയും കരുതലിന്റെയും സുവിശേഷം അറിയിക്കാൻ ഓരോരുത്തരും തങ്ങളുടെ ബുദ്ധിയും ശക്തിയും കഴിവുകളും സമയവും വിഭവങ്ങളും ഉദാരതയോടെ സമർപ്പിക്കുന്ന കാരുണ്യ പ്രവൃത്തിയാണിത്.

യേശുവിലൂടെ ദൈവത്തെ ഇനിയും അറിയാത്തവരാണ് ഏറ്റവും കൂടുതൽ കാരുണ്യം അർഹിക്കുന്നത്. അവരോടൊപ്പം ദരിദ്രരും പീഡിതരും പാർശ്വവല്ക്കരിക്കപ്പെടുന്നവരും ഉൾപ്പെടുന്ന എല്ലാ ദുർബല വിഭാഗങ്ങളോടും ഒരു അമ്മ മക്കളോടെന്നപോലെ കരുണ യുടെ സുവിശേഷമറിയിക്കാൻ നമുക്കു കഴിയണം. പാപികളെ തള്ളിക്കളയുകയും അവരുടെ നാശം ആഗ്രഹിക്കുകയും ചെയ്യുന്ന സ്വയം നീതിമാന്മാരായി കരുതുന്നവരുടെ ഒരു സമൂഹത്തെയല്ല, പാപം ചെയ്യാത്തവൻ ആദ്യം കല്ലെറിയട്ടെ എന്ന യേശുവിന്റെ മനോഭാവം നിറഞ്ഞു നില്ക്കുന്ന കരുണയുടെ സമൂഹത്തെ വാർത്തെടുക്കുന്ന തായിരിക്കണം സുവിശേഷ പ്രഘോഷണത്തിന്റെയും പ്രേഷിതപ്രവർ ത്തനങ്ങളുടെയുമെല്ലാം ലക്ഷ്യം.

ഒന്നിനൊന്നു വർദ്ധിച്ചുവരുന്ന അനീതിയുടെയും അക്രമത്തി ന്റെയും ഭീകരപ്രവർത്തനങ്ങളുടെയും ഇന്നത്തെ നമ്മുടെ സാഹചര്യ ങ്ങൾ നീതിയുടെയും സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ചൈതന്യംകൊണ്ടു വിശുദ്ധീകരിക്കാൻ സാധിക്കുമെങ്കിൽ എന്തുവില കൊടുത്തും ത്യാഗപൂർവ്വം കരുണയുടെ സുവിശേഷം പ്രഘോഷി ക്കാൻ നാം മുന്നോട്ടുവരണം.

കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ 12 രൂപതകളിലായി വ്യാപിച്ചു കിടക്കുന്ന ലത്തീൻസഭയുടെ വളർച്ച സഭാംഗങ്ങളായ നമ്മുടെ ഓരോരുത്തരുടെയും സഹകരണത്തെ ആശ്രയിച്ചിരിക്കും. ശരീരത്തിന്റെ വളർച്ചപോലെയാണ് സഭയുടെ വളർച്ചയും. ചെറുവിര ലിനുപോലും അതിന്റേതായ ദൗത്യമുണ്ടെന്നോർക്കണം. കുറവുകൾ പരിഹരിക്കുന്നതിലൂടെയാണല്ലോ വളർച്ച പൂർണ്ണമാകുന്നത്. കുറവു കൾ കാണുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും പഴിചാരാതെ ത്യാഗപൂർവ്വം അവയെല്ലാം നികത്താൻ ഓരോരുത്തരും മുന്നോട്ടുവരുകയാണ് വേണ്ടത്. എങ്കിൽ മാത്രമേ കേരളത്തിലെ മറ്റു വ്യക്തിഗത സഭകളോ ടൊപ്പം ലത്തീൻ സഭയെയും ദൈവരാജ്യമായി പടുത്തുയർത്താൻ നമുക്കു കഴിയുകയുള്ളൂ.

സഭാപ്രവർത്തനങ്ങളുമായി സഹകരിക്കാനും അതിനായി ത്യാഗങ്ങൾ സഹിക്കാനും സന്നദ്ധതയുള്ളവരാണ് സഭാംഗങ്ങളിൽ നല്ലൊരു വിഭാഗവും. ഇതിനുവേണ്ട സംവിധാനങ്ങളും വേദികളുമു ണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ധാരാളം പേരുണ്ട്. ഈ ആഗ്രഹം കണക്കിലെടുത്തുകൊണ്ടാണ് 14 വർഷങ്ങൾക്കുമുമ്പ് 2002 മേയ്മാസം

24-ാം തീയതി സഭയിലെ എല്ലാ വിഭാഗത്തിലെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് കെ.ആർ.എൽ.സി.സി. എന്ന പേരിൽ ഒരു നയരൂപീകരണ ഏകോപനസമിതിക്ക് രൂപം കൊടുക്കാൻ നമുക്കു സാധിച്ചു. ഇതിന് മുൻകൈയെടുത്തത് ഭാഗ്യസ്മരണാർഹനായ വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവായിരുന്നല്ലോ. ഇന്ന് ലത്തീൻ കത്തോലിക്കരുടെ ഈ സമിതി സഭാതലങ്ങളിൽ മാത്രമല്ല, സാമൂഹ്യ-രാഷ്ട്രീയ തലങ്ങളിലും അറിയപ്പെടുന്ന ഒരു സമിതിയായി തീർന്നിട്ടുണ്ട്.

സഭാസമൂഹത്തെസംബന്ധിച്ചേടത്തോളം പതിനാലുകൊല്ലങ്ങൾ ചെറിയൊരു കാലഘട്ടമാണ്. കെ.ആർ.എൽ.സി.സി.യുടെ ആവശ്യവും പ്രാധാന്യവും സഭാംഗങ്ങൾതന്നെ ഇനിയും വേണ്ടവിധത്തിൽ മനസ്സിലാക്കിയിട്ടില്ല. എങ്കിലും ഈ സമിതി ഇന്ന് വളർച്ചയുടെ പാതയിലാണ്. നയരൂപീകരണത്തിനും ഏകോപനത്തിനും വേണ്ടിയുള്ള കുറെയേറെ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ഈ സമിതിക്കു കഴിഞ്ഞിട്ടുണ്ട്. അർപ്പണ മനോഭാവത്തോടുകൂടി രാപകൽ ഇതിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംവിധാനങ്ങളും നമുക്കുണ്ട്.

കഴിഞ്ഞകാലപ്രവർത്തനങ്ങളുടെ തുടർച്ചയായി, കഴിയുന്നത്ര സഭാംഗങ്ങളെയെല്ലാം സഭാപ്രവർത്തനങ്ങളിൽ ഉൾച്ചേർക്കുക എന്ന ഉദ്ദേശത്തോടുകൂടെ നാം രൂപംകൊടുത്ത മൂന്നുവർഷം ദീർഘിക്കുന്ന ഒരു പദ്ധതിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കേരള ലത്തീൻ സഭയിൽ ഏകീകൃത വീക്ഷണവും സംവിധാനവും രൂപപ്പെടുത്തുക, സഭയുടെ ചെറു പതിപ്പുകളായി ഓരോ ബി.സി.സി./കുടുംബയൂണിറ്റുകളെയും മാറ്റുക, അല്മായ പങ്കാളിത്തം വർദ്ധിപ്പിക്കാനായി ശുശ്രൂഷാ പ്രതിനിധികളെ ബി.സി.സി. /കുടുംബയൂണിറ്റുകളിൽനിന്ന് കണ്ടെത്തി സഭാപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക, ലത്തീൻ സഭാവിശ്വാസികളെ പ്രേഷിത ചൈതന്യം നിറഞ്ഞ സുവിശേഷ സാക്ഷികളാക്കുക എന്നീ ലക്ഷ്യങ്ങളാണ് മൂന്നുവർഷം ദീർഘിക്കുന്ന ഈ നവീകരണ പദ്ധതിയ്ക്കുള്ളത്. ഈ പദ്ധതിയിലൂടെ സഭയുടെ അടിസ്ഥാന ഘടനയ്ക്ക് കോട്ടം വരുത്താതെയും മൗലികതത്വങ്ങൾ ബലികഴിക്കാതെയും കാലാനുസൃതമായ മാറ്റങ്ങൾ സഭയിൽ വരുത്താൻ സാധിക്കുമെന്ന പ്രതീക്ഷയാണ് നമുക്കുള്ളത്.

2014 ഒക്ടോബർ 16-ാം തീയതി മിഷൻ ഞായറാഴ്ചയാണ് മൂന്നുവർഷം നീണ്ടുനില്ക്കുന്ന ഈ വിശ്വാസ നവീകരണ പങ്കാളിത്ത പ്രക്രിയ നാം ആരംഭിച്ചത്. മൂന്നു ഘട്ടങ്ങളിലായിട്ടാണ് നാം ഈ പ്രക്രിയ യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുന്നത്. ആദ്യവർഷം ഇടവക തല പ്രവർത്തനങ്ങൾക്കും രണ്ടാംവർഷം രൂപതാതല പ്രവർത്തനങ്ങൾക്കുമാണ് നാം ഊന്നൽകൊടുത്തത്. ഇതിന്റെ ഫലമായി സഭയുടെ ചെറുപതിപ്പുകളായ ബി.സി.സി./കുടുംബയൂണിറ്റ് സംവിധാനം എല്ലാ രൂപതകളിലും വ്യാപിപ്പിക്കുവാനും അജപാലനം, കുടുംബം, വിദ്യാഭ്യാസം, സാമൂഹ്യ പ്രവർത്തനം, യുവജനം, അല്മായർ എന്നീ ശുശ്രൂഷകൾ ബി.സി.സി./കുടുംബയൂണിറ്റ് തലത്തിൽ രൂപീകരിച്ച് ഇടവക-ഫെറോന-രൂപത തലങ്ങളിൽ അവയെ പ്രവർത്തനക്ഷമമാക്കാനും ഒരു നല്ല പരിധിവരെ സാധിച്ചിട്ടുണ്ട്. സഭയുടെ ആരാധനാക്രമവും കൂദാശാ പരികർമ്മങ്ങളും വിവിധ ശുശ്രൂഷാ പ്രവർത്തനങ്ങളും ഒന്നുകൂടി ആകർഷകവും അർഥവത്തും ആക്കാനുള്ള പരിശ്രമങ്ങൾ നടന്നു വരുന്നു.

ഇടവക-രൂപത തലങ്ങളിൽ ഈ സംരംഭം വിജയിപ്പിക്കാൻ ധാരാളംപേർ മുന്നോട്ടു വന്നത് ഭാവിയെ സംബന്ധിച്ചേടത്തോളം വളരെയേറെ പ്രതീക്ഷ നല്കുന്നതാണ്. നാം ആരംഭിച്ച ഈ നവീകരണ പ്രക്രിയയുടെ സംസ്ഥാനതലത്തിലുള്ള പരിപാടികൾ 2016 ഒക്ടോബർ മാസം 16-ാം തീയതി ഈ മിഷൻ ഞായറാഴ്ച തുടക്കം കുറിക്കുകയാണ്. ഒരു കൊല്ലം നീണ്ടുനില്ക്കുന്ന ഈ പരിപാടികൾ സമാപിക്കുന്നത് 2017 ഒക്ടോബർ മാസം 6,7,8 തീയതികളിൽ നമ്മുടെ വല്ലാർപാടത്തമ്മയുടെ സന്നിധിയിൽവച്ചു നടക്കുന്ന സംസ്ഥാനതലത്തിലുള്ള മിഷൻ കോൺഗ്രസ്സോടും ബി.സി.സി. കൺവെൻഷനോടും കൂടെയായിരിക്കും. കഴിഞ്ഞ രണ്ടു കൊല്ലങ്ങളിലായി ഇടവക - രൂപത തലങ്ങളിൽ വന്ന കുറവുകൾ പരിഹരിക്കാനും ഒന്നുകൂടി സജീവമായി ഈ നവീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും സഭാംഗങ്ങളെയെല്ലാം സഹായിക്കുന്ന രീതിയിലാണ് ഈ മൂന്നാംഘട്ട പ്രവർത്തനങ്ങൾ സജ്ജീകരിച്ചിരിക്കുന്നത്. ഓരോ മാസവും ഓരോ ശുശ്രൂഷയ്ക്ക് പ്രാധാന്യം നല്കുന്ന പരിപാടികളാണിവ. ഇങ്ങനെ വിവിധ ശുശ്രൂഷകളുമായി ബന്ധപ്പെട്ട് യൂണിറ്റു തലങ്ങളിൽ നടക്കുന്ന പഠനങ്ങളും

ചർച്ചകളും കർമ്മപരിപാടികളും കേരള ലത്തീൻ സഭയുടെ ഇന്നത്തെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കാനും അതിന്റെ ഫലമായി ഭാവി പരിപാടികൾക്ക് രൂപംകൊടുക്കാനും ഏറെ സഹായിക്കും.

മൂന്നാംഘട്ടത്തിൽ നാം വിഭാവന ചെയ്യുന്ന പരിപാടികൾ ഭാവിയിൽ നാം ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്ന ദശവത്സര പദ്ധതിക്ക് ഒരു മുന്നൊരുക്കം കൂടിയാണ്. വിവിധ ശുശ്രൂഷാ പഠന ങ്ങളിലൂടെ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ ഈ വർഷാവസാനം നടക്കുന്ന മിഷൻ കോൺഗ്രസ്സിൽ അവതരിപ്പിക്കുകയും കേരള ലത്തീൻ സഭയുടെ ദശവത്സര പദ്ധതിയായി രൂപപ്പെടുത്തുകയും ചെയ്യും. 2027 കെ.ആർ.എൽ.സി.സി.യുടെ രജതജൂബിലി വർഷമാണല്ലോ. 2017 മുതൽ 2027 വരെ നീണ്ടുനില്ക്കുന്ന ദശവത്സര പദ്ധതികളിലൂടെ കേരള ലത്തീൻ സഭയെ തുടർന്നും പ്രവർത്തനനിരതമാക്കാനും അർത്ഥ വത്തായ രജതജൂബിലി ആഘോഷങ്ങളിലൂടെ കെ.ആർ.എൽ.സി. സി.യെ ഒന്നുകൂടി തിളക്കമുള്ളതാക്കിത്തീർക്കാനും നമുക്കു കഴിയും.

ലത്തീൻ സഭയുടെ പ്രവർത്തനശൈലി വെറുമൊരു സാമൂഹിക സാംസ്ക്കാരിക രാഷ്ട്രീയ സംഘടനയുടെ തലത്തിലേക്ക് തരംതാഴാ തിരിക്കാൻ നാം വളരെയേറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സഭ ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമാണ്. സഭാപ്രവർത്തന ങ്ങളിലൂടെ അനുദിനം സുകൃതങ്ങളിൽ വളർന്ന് യുഗാന്ത്യത്തിൽ പൂർണ്ണമാകാൻ പോകുന്ന ദൈവരാജ്യം ഒരുപരിധിവരെ മുൻകൂട്ടി ആസ്വദിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ ആഗമനത്തിന് ശക്തമായ സാക്ഷ്യം നല്കാൻ നമുക്കു കഴിയണം. ഇതിനുള്ള ഉപാധികളാണ് കെ.ആർ.എൽ.സി.സി. ആവിഷ്ക്കരിക്കുന്ന എല്ലാ പരിപാടികളും, പ്രത്യേകിച്ച് ഇക്കൊല്ലം വിവിധ ശുശ്രൂഷകൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുന്ന നവീകരണ പരിപാടികളും മിഷൻ കോൺഗ്രസ്സും ബി.സി.സി. കൺവെൻഷനുമെല്ലാം. ഇവയുടെയെല്ലാം വിജയം ലത്തീൻ സഭയെ ദൈവരാജ്യമായി രൂപാന്തരപ്പെടുത്താനുള്ള ഈ സംരം ഭങ്ങളിൽ സഭാവിശ്വാസികളുടെ സജീവമായ പങ്കാളിത്തത്തെ ആശ്രയിച്ചിരിക്കും.

2017 ഒക്ടോബർവരെയുള്ള മൂന്നാംഘട്ട നവീകരണ പദ്ധതി കൾക്ക് മേൽനോട്ടം വഹിക്കേണ്ടത് അതതു രൂപതകളിലെ സ്റ്റിയറിങ് കമ്മിറ്റിയാണ്. രൂപതാ ശുശ്രൂഷാ കോർഡിനേറ്റർമാർ അതതു മാസ

ങ്ങളിൽ ഇടവകകളിൽ പ്രാവർത്തികമാക്കാനുള്ള കർമ്മപരി പാടികൾ രൂപതയിലെയും റീജിയനിലെയും ഉത്തരവാദിത്വപ്പെട്ട വരുമായി ബന്ധപ്പെട്ട് ആസൂത്രണംചെയ്യുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി നടന്നുവരുന്ന ഈ വിശ്വാസ നവീകരണ പങ്കാളിത്ത ശാക്തീകരണ പ്രക്രിയ ഏറെ പ്രോത്സാഹന ജനകമാണ്. വല്ലാർപാടത്തുവച്ചുനടക്കുന്ന മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും വിജയത്തിനായി പ്രത്യേകം പ്രാർഥിക്കണമെന്നും ആത്മാർത്ഥമായി സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം
കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി

**† സൂസപാക്യം എം.**
കെ.ആർ.എൽ.സി.ബി.സി പ്രസിഡണ്ട്
തിരുവനന്തപുരം മെത്രാപ്പോലീത്ത

**† ഫ്രാൻസിസ് കല്ലറക്കൽ**
കെ.ആർ.എൽ.സി.ബി.സി വൈസ്പ്രസിഡണ്ട്
വരാപ്പുഴ മെത്രാപ്പോലിത്ത

---

NB: ഈ സർക്കുലർ 2016 ഒക്ടോബർ 2-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

## സർക്കുലർ - 21

# ലോക മിഷൻ ഞായർ - 2016

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2016 ഒക്ടോബർ 16-ാം തീയതി ഞായറാഴ്ച നാം ആഗോള കത്തോലിക്കാ സഭയോടൊത്ത് മിഷൻ ഞായർ ആചരിക്കുകയാണ്. നമ്മുടെ പ്രാർത്ഥനയാലും അർത്ഥപൂർണ്ണമായ മിഷൻ ദിനാചരണത്താലും ത്യാഗപൂർണ്ണമായ സംഭാവനകളാലും, നാം എല്ലാവരും തിരുസഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. ലോകമാസകലമുള്ള എല്ലാ സഹോദരങ്ങളോടും നമുക്കുള്ള സ്നേഹവും കടപ്പാടും പ്രകടിപ്പിക്കാനും, വേദനയും ദാരിദ്ര്യവും അനുഭവിക്കുന്നവർക്ക് നമ്മളാൽ കഴിയുന്ന സാമ്പത്തിക സഹായം നല്കാനുമുള്ള അവസരം കൂടിയാണ് ഈ മിഷൻ ഞായർ ആചരണം.

എല്ലാവർഷത്തെയുംപോലെ ഈ പ്രാവശ്യവും ഭാരതസഭയിലെ മറ്റു രൂപതകളെയുംകാൾ കൂടുതലായി മിഷൻ ഞായർ സംഭാവന നമുക്ക് നല്കാൻ സാധിച്ചു. കഴിഞ്ഞ വർഷം അറുപത്തി ഏഴു ലക്ഷത്തി അറുപത്തി ആറായിരത്തി അറുന്നൂറ്റി അമ്പത്തി ആറ് രൂപ (₹. 67,66,656) തിരുസഭയുടെ പ്രേഷിതപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിക്ക് അയച്ചുകൊടുക്കാൻ നമുക്കു സാധിച്ചു. ഭാരത കത്തോലിക്കാസഭയിലെ 171 രൂപതകളിൽവെച്ച് മിഷൻ സംഭാവനയുടെ കാര്യത്തിൽ നമ്മുടെ അതിരൂപത 5-ാം സ്ഥാനത്തും, കേരളത്തിലെ 31 രൂപതകളിൽവെച്ച് 1-ാം സ്ഥാനത്തുമാണ്. നിങ്ങളോരോരുത്തരുടെയും സന്മനസ്സിനു പ്രത്യേകം നന്ദി! അഭിനന്ദനങ്ങൾ!

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ മിഷൻ ഞായർ സന്ദേശം താഴെ കൊടുത്തിരിക്കുന്നു. പ്രസ്തുത സന്ദേശം **2016 ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

ഈ വർഷത്തെ മിഷൻസംഭാവനകൾ ശേഖരിച്ച് 2016 ഡിസംബർ 31-ാം തീയതിക്കു മുമ്പ് അതിരൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2016 ഒക്ടോബർ 2-ാം തീയതി,

എറണാകുളം ✠ *ഫ്രാൻസിസ് കല്ലറക്കൽ*
02.10.2016 വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

# ലോകമിഷൻ ഞായർ - 2016

### ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## പ്രേഷിതസഭ, കാരുണ്യത്തിന്റെ സാക്ഷിണി

**പ്രിയ സഹോദരീസഹോദരന്മാരേ,**

സഭ ആഘോഷിക്കുന്ന കാരുണ്യത്തിന്റെ അസാധാരണ ജൂബിലി 2016-ലെ ആഗോളമിഷൻ ഞായറിന്മേൽ സവിശേഷപ്രകാശം ചൊരിയുന്നു: വിജാതിയരെ സംബന്ധിച്ച പ്രേഷിതത്വത്തെ ആധ്യാത്മികവും ഭൗതികവുമായ തലങ്ങളിൽ മഹത്തായ, അളവറ്റ കാരുണ്യപ്രവർത്തനമായി പരിഗണിക്കാൻ അതു നമ്മെ ക്ഷണിക്കുന്നു. പ്രേഷിതരായ ശിഷ്യരായി "പുറത്തേക്കു പോകാൻ" നാം എല്ലാവരും ഈ ആഗോള മിഷൻദിനത്തിൽ ക്ഷണിക്കപ്പെടുന്നു. മുഴുവൻ മനുഷ്യകുടുംബത്തിനും ദൈവത്തിന്റെ വാത്സല്യത്തിന്റെയും സഹതാപത്തിന്റെയും സന്ദേശം നല്കുന്നതിനുവേണ്ടി ഓരോ വ്യക്തിയും തന്റെ കഴിവുകളും സർഗാത്മകതയും ജ്ഞാനവും അനുഭവവും ഉദാരതയോടെ സമർപ്പിച്ചുകൊണ്ട് അപ്രകാരം ചെയ്യാൻ ക്ഷണിക്കപ്പെടുന്നു. പ്രേഷിതത്വ കല്പനയുടെ ശക്തിയാൽ സഭ സുവിശേഷം അറിയാത്തവരെ ശ്രദ്ധിക്കുന്നു. കാരണം, എല്ലാവരും രക്ഷിക്കപ്പെടണമെന്നും കർത്താവിന്റെ സ്നേഹം അനുഭവിക്കണമെന്നും അവൾ ആഗ്രഹിക്കുന്നു. "ദൈവത്തിന്റെ കാരുണ്യം, സുവിശേഷത്തിന്റെ ഹൃദയസ്പന്ദനം" അറിയിക്കാനും (*Misericordiae Vultus,* 12) ലോകത്തിന്റെ എല്ലാ കോണുകളിലും ചെറി

യവരും വലിയവരുമായ എല്ലാവരിലേക്കും എത്തിച്ചേർന്നുകൊണ്ട് കാരുണ്യം പ്രഘോഷിക്കാനും അവൾ നിയോഗിക്കപ്പെട്ടിരിക്കുന്നു.

കാരുണ്യം ഒരു വ്യക്തിയെ കണ്ടുമുട്ടുമ്പോൾ അത് നിത്യപിതാവിന്റെ ഹൃദയത്തിൽ അഗാധമായ സന്തോഷം ഉളവാക്കുന്നു. എന്തെന്നാൽ ആരംഭംമുതൽ അവിടന്ന് ഏറ്റവും ദുർബലരായവരിലേക്ക് സ്നേഹപൂർവം തിരിഞ്ഞിട്ടുണ്ട്. കാരണം അവിടത്തെ മഹത്ത്വവും ശക്തിയും കൃത്യമായി വെളിവാക്കപ്പെടുന്നത് കുട്ടികളോടും പാർശവത്കരിക്കപ്പെട്ടവരോടും പീഡിതരോടും താദാത്മ്യപ്പെടാനുള്ള അവിടത്തെ കഴിവിലാണ് (cf. നിയമാ 4:31; സങ്കീ 86:15; 103:8; 111:4). അവിടന്ന് ആവശ്യത്തിൽപ്പെട്ടവരോട് പ്രത്യേകിച്ച് ദരിദ്രരോട് അടുത്തുനില്കുന്ന കാരുണ്യവാനും ശ്രദ്ധാലുവും വിശ്വസ്തനുമായ ദൈവമാണ്. മാതാവും പിതാവും മക്കളുടെ ജീവിതത്തിൽ ചെയ്യുന്നതുപോലെ അവിടന്ന് മാനുഷിക യാഥാർത്ഥ്യത്തിൽ മൃദുലഹൃദയത്തോടെ ഇടപെടുന്നു (cf. ജെറ 31:20). ബൈബിൾ ഗർഭപാത്രത്തെപ്പറ്റി പറയുമ്പോൾ കാരുണ്യം സൂചിപ്പിക്കുന്ന പദമാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് അത് ഒരമ്മയ്ക്ക് കുട്ടികളോടുള്ള സ്നേഹത്തെ പരാമർശിക്കുന്നു. എന്തു സംഭവിക്കുന്നുവെന്നത് പരിഗണിക്കാതെ എല്ലാ സാഹചര്യത്തിലും അവൾ എപ്പോഴും സ്നേഹിക്കുന്നു. കാരണം അവർ അവളുടെ ഉദരഫലമാണ്. ദൈവത്തിന് തന്റെ എല്ലാ മക്കളോടുമുള്ള സ്നേഹത്തിന്റെ സാരാംശപരമായ ഒരു വശമാണിത്. എല്ലാ മക്കളെയും അവിടന്ന് സൃഷ്ടിച്ചതാണ്. അവരെ വളർത്താനും വിദ്യാഭ്യാസം ചെയ്യിക്കാനും അവിടന്ന് ആഗ്രഹിക്കുന്നു. അവരുടെ ദുർബലതയും അവിശ്വസ്തതയും കാണുമ്പോൾ അവിടത്തെ ഹൃദയം സഹതാപത്താൽ കീഴടക്കപ്പെടുന്നു (cf. ഹോസി 11:8). എല്ലാവരോടും അവിടന്ന് കാരുണ്യം കാണിക്കുന്നു. അവിടത്തെ സ്നേഹം എല്ലാവരെയും സംബന്ധിച്ചുള്ളതാണ്. അവിടത്തെ സഹതാപം എല്ലാ സൃഷ്ടികളിലേക്കും വ്യാപിക്കുന്നു (cf. സങ്കീ 144:89).

ദൈവകാരുണ്യത്തിന്റെ ഏറ്റവും ശ്രേഷ്ഠവും പൂർണവുമായ പ്രകാശനം മനുഷ്യാവതാരം ചെയ്ത ദിവ്യവചനത്തിലാണുള്ളത്. കരുണാസമ്പന്നനായ പിതാവിന്റെ മുഖം യേശു വെളിപ്പെടുത്തുന്നു. അവിടന്ന് "കാരുണ്യത്തെപ്പറ്റി പറയുകയും താരതമ്യവും ഉപമകളും ഉപ

യോഗിച്ച് അതിനെ വിശദീകരിക്കുകയും ചെയ്തു. എല്ലാറ്റിലും ഉപരിയായി അവിടന്നു അതിന്റെ അവതാരവും വ്യക്തിത്വവുമായിത്തീർന്നു" (*Dives in Misericordia,* 2). സുവിശേഷങ്ങളും കൂദാശകളും വഴി നാം യേശുവിനെ സ്വാഗതം ചെയ്യുകയും അനുഗമിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായത്താൽ, സ്വർഗസ്ഥനായ കരുണാമയനായ പിതാവിനെപ്പോലെ കരുണാപൂർണരായിത്തീരുന്നു. അവിടന്ന് നമ്മെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കാനും നമ്മുടെ ജീവിതത്തെ ഒരു സൗജന്യദാനമായി, അവിടത്തെ നന്മയുടെ അടയാളമാക്കിത്തീർക്കുവാനും നമുക്കു കഴിയും (cf *misericordiae Vultus,* 3). മനുഷ്യവംശത്തിന്റെ മധ്യത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്താൽ ജീവിക്കുന്ന സമൂഹങ്ങളിൽ ഒന്നാമത്തേതാണ് സഭ. സഭ അവിടത്തെ നോട്ടം തിരിച്ചറിയുന്നു. കരുണാപൂർണമായ സ്നേഹത്തോടെ അവിടന്ന് തന്നെ തിരഞ്ഞെടുത്തുവെന്ന് അവൾ അറിയുന്നു. ഈ സ്നേഹത്തിലൂടെയാണ് സഭ തനിക്കുള്ള കല്പന തിരിച്ചറിയുന്നതും അതനുസരിച്ചു ജീവിക്കുന്നതും. ഓരോ സംസ്കാരവും മതവിശ്വാസവുമായുള്ള ആദരപൂർവകമായ സംവാദത്തിലൂടെ അതിനെ സകല ജനതകളെയും അറിയിക്കുന്നതും.

കരുണാപൂർണമായ ഈ സ്നേഹത്തിന്, സഭയുടെ ആദിമകാലത്തെന്നതുപോലെ എല്ലാ പ്രായത്തിലും ജീവിതാവസ്ഥയിലുമുള്ള സ്ത്രീപുരുഷന്മാർ സാക്ഷ്യം നല്കിയിട്ടുണ്ട്. പ്രേഷിത ലോകത്ത് പുരുഷന്മാരോടൊപ്പം അധ്വാനിക്കുന്ന സ്ത്രീകളുടെ സാന്നിധ്യം പരിഗണനീയവും വർധമാനവുമാണ്. അത് ദൈവത്തിന്റെ മാതൃത്വപരമായ സ്നേഹത്തിന്റെ ശ്രദ്ധേയമായ അടയാളമാണ്. അല്മായരും സന്ന്യസ്തരുമായ സ്ത്രീകൾ - ഇന്ന് അനേകം കുടുംബങ്ങൾപോലും വ്യത്യസ്ത രീതികളിൽ തങ്ങളുടെ പ്രേഷിതത്വ വിളി നിർവഹിക്കുന്നുണ്ട്. സുവിശേഷപ്രഘോഷണം മുതൽ ജീവകാരുണ്യ പ്രവർത്തനംവരെ നടത്തുന്നുണ്ട്. മിഷണറിമാർ ചെയ്യുന്ന സുവിശേഷപ്രഘോഷണ-കൗദാശിക പ്രവർത്തനങ്ങളോടൊപ്പം സ്ത്രീകൾക്കും കുടുംബങ്ങൾക്കും മിക്കപ്പോഴും ജനങ്ങളുടെ പ്രശ്നങ്ങൾ കൂടുതൽ പര്യാപ്തമാംവിധം അറിയാൻ കഴിയുന്നതുകൊണ്ട് അവയെ എങ്ങനെ സമുചിതമായ രീതിയിൽ, ചിലപ്പോൾ നവീനരീതിയിൽ, കൈകാര്യം ചെയ്യണമെന്ന് അവർ അറിയുന്നു. വ്യവസ്ഥിതികളിലെന്നതിനെക്കാൾ ജന

ങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ജീവൻ സംരക്ഷിക്കാൻ അവർ അറിയുന്നു. നല്ല ബന്ധങ്ങളും സമന്വയവും സമാധാനവും, ഐക്യദാർഢ്യവും സംവാദവും സഹകരണവും സാഹോദര്യവും സൃഷ്ടിക്കാൻവേണ്ടി മാനുഷികവും ആധ്യാത്മികവുമായ വിഭവങ്ങൾ വിതരണം ചെയ്യാൻ അവർക്കു കഴിയുന്നു. വ്യക്തികളുടെയിടയിലും സാമൂഹിക-സാംസ്കാരിക ജീവിതത്തിലും, പ്രത്യേകിച്ച് ദരിദ്രരെ സംരക്ഷിക്കുന്നതുവഴി, അപ്രകാരം ചെയ്യാൻ കഴിയുന്നു.

പലസ്ഥലങ്ങളിലും സുവിശേഷവത്കരണം തുടങ്ങുന്നത് വിദ്യാഭ്യാസത്തോടെയാണ്. അതിനായി മിഷണറിമാർ ഏറെ സമയവും അധ്വാനവും ചെലവഴിക്കുന്നുണ്ട്. സുവശേഷത്തിൽ കാണുന്ന മുന്തിരിത്തോട്ടത്തിന്റെ ഉടമയെപ്പോലെതന്നെ (cf ലൂക്കാ 13:7-9, യോഹ 15:1). അയാൾ അനേകവർഷം സാവധാനം കൃഷിചെയ്തിട്ട് ഫലത്തിനായി കാത്തിരുന്നല്ലോ. അങ്ങനെ സുവിശേഷവത്കരണം നടത്താൻ കഴിവുള്ള പുതിയ ജനതയെ അവർ ജനിപ്പിക്കുന്നു. മറ്റുവിധത്തിൽ സുവിശേഷവത്കരണം സാധ്യമല്ലെന്നു തോന്നുന്ന സ്ഥലങ്ങളിലേക്ക് അവർ സുവിശേഷം എത്തിച്ചുകൊടുക്കുന്നു. ഒരിക്കൽ ക്രിസ്തുവിൽ വിശ്വസിക്കാനിരിക്കുന്നവരുടെയും “അമ്മ” എന്ന് സഭയെ നിർവചിക്കാം. അതുകൊണ്ട് ദൈവത്തിന്റെ വിശുദ്ധജനം കാരുണ്യത്തിന്റെ മാതൃത്വപരമായ സേവനം തുടരുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കർത്താവിനെ കണ്ടുമുട്ടാനും സ്നേഹിക്കാനും വേണ്ടി ഇന്നോളം അവിടത്തെ അറിയാതിരിക്കുന്നവരെ സഹായിക്കുമെന്നു പ്രത്യാശിക്കുന്നു. വിശ്വാസം ദൈവം നല്കുന്ന ദാനമാണ്. അത് മതപരിവർത്തനപ്രക്രിയയുടെ ഫലമല്ല. ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന സുവിശേഷപ്രഘോഷകരുടെ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സഹായത്താൽ വളരുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ ലോകത്തിന്റെ തെരുവീഥികളിലൂടെ നടക്കുമ്പോൾ അതിരുകളില്ലാത്ത സ്നേഹമുള്ളവരായിരിക്കണം. എല്ലാ ജനതകളോടും നമ്മുടെ കർത്താവിനുള്ള സ്നേഹത്തിന്റെ അതേ അളവിലുള്ള സ്നേഹമുള്ളവരായിരിക്കണം. അവിടന്ന് നമുക്കു നല്കിയ ഏറ്റവും സുന്ദരവും വലുതുമായ സമ്മാനങ്ങളെക്കുറിച്ചാണ് നാം പ്രഘോഷിക്കുന്നത്: അവിടത്തെ ജീവനും അവിടത്തെ സ്നേഹവും.

ഓരോ വ്യക്തിക്കും ദൈവം നല്കുന്ന ദാനമായ രക്ഷാസന്ദേശം സ്വീകരിക്കാൻ എല്ലാ ജനതകൾക്കും സംസ്കാരങ്ങൾക്കും അവകാശ മുണ്ട്. പരിഹാരം കാണേണ്ട എത്രമാത്രം അനീതിയും യുദ്ധങ്ങളും മാനുഷിക വിഷമസന്ധികളുമുണ്ടെന്നു പരിഗണിക്കുമ്പോൾ ഇത് കൂടു തൽ അത്യാവശ്യമായിത്തീരുന്നു. സന്തോഷവും അനുരഞ്ജനവും നീതിയും സമാധാനവും നടപ്പാക്കാൻ ക്ഷമയുടെയും കാരുണ്യത്തി ന്റെയും സുവിശേഷത്തിനു സാധിക്കുമെന്ന് മിഷണറിമാർ അനുഭവ ത്തിൽ നിന്ന് അറിയുന്നു. സുവിശേഷത്തിലെ കല്പന ഇതാണ്: "ആക യാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ച വയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ 28:19-20). ഈ കല്പന കാലഹരണപ്പെട്ടിട്ടില്ല. സർവവെല്ലുവിളികളോടും കൂടിയ ഇന്നത്തെ സാഹചര്യത്തിൽ നവീകൃതമായ പ്രേഷിതത്വ "പ്രചോദനം" ഉണ്ടായിരിക്കാനുള്ള വിളി നാം ശ്രവിക്കാൻ ആ കല്പന നമ്മെ കട പ്പെടുത്തുന്നു. "സുവിശേഷത്തിന്റെ സന്തോഷം" എന്ന എന്റെ അപ്പ സ്തോലികാഹ്വാനത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതുപോലെ തന്നെ. "ഓരോ ക്രൈസ്തവനും ഓരോ സമൂഹവും കർത്താവു ചൂണ്ടിക്കാ ണിക്കുന്ന വഴി തിരിച്ചറിയണം. എന്നാൽ സുവിശേഷപ്രകാശം ആവ ശ്യമായിരിക്കുന്ന അതിരുകളിലേക്ക് എത്തിച്ചേരാൻ സ്വന്തം സുഖസൗ കര്യങ്ങളുടെ മണ്ഡലത്തിൽ നിന്ന് മുന്നോട്ടുപോകാനുള്ള അവിടത്തെ വിളി അനുസരിക്കാൻ നമ്മോടു കല്പിക്കപ്പെട്ടിരിക്കുന്നു". (20)

ഈ ജൂബിലി വർഷം ആഗോളമിഷൻ ദിനാചരണത്തിന്റെ 90-ാം വാർഷികമാണ്. ഇത് 1926-ൽ പീയൂസ് പതിനൊന്നാമൻ മാർപാപ്പാ ആദ്യമായി അംഗീകരിച്ചു. വിശ്വാസപ്രചാരണത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ സംഘം സ്ഥാപിക്കുകയും ചെയ്തു. അതുകൊണ്ട് എന്റെ മുൻഗാമികളുടെ ബുദ്ധിപൂർവകമായ നിർദേശങ്ങൾ അനുസ്മ രിക്കുക സമുചിതമാണ്. ലോകം മുഴുവനിലുമുള്ള രൂപതയിലും ഇടവ കയിലും സന്ന്യാസസമൂഹത്തിലും അസോസിയേഷനിലും സഭാത്മക പ്രസ്ഥാനത്തിലും നിന്ന് സംഭാവനകൾ ശേഖരിക്കാനും അവകൊണ്ട് ലോകത്ത് എവിടെയുമുള്ള ആവശ്യത്തിൽപ്പെട്ടിരിക്കുന്ന ക്രൈസ്ത വസമൂഹങ്ങളെ സംരക്ഷിക്കാനും ലോകത്തിന്റെ അതിർത്തികൾ വരെ യുള്ള സുവിശേഷപ്രഘോഷണത്തെ പിന്താങ്ങാനും വേണ്ടിയുള്ളതാ

യിരിക്കണം ഈ സംഘമെന്ന് എന്റെ ആ മുൻഗാമികൾ കല്പിച്ചിട്ടുണ്ട്. പ്രേഷിതത്വപരമായ സഭാത്മക കൂട്ടായ്മയുടെ ഈ അടയാളത്തിൽ ഇന്നും നാം വിശ്വസിക്കുന്നു. നമുക്കു നമ്മുടെ തന്നെ പ്രത്യേക താത്പര്യങ്ങളിൽ ഹൃദയം അടയ്ക്കാതിരിക്കാം. നമ്മുടെ ഹൃദയങ്ങളെ മുഴുവൻ മനുഷ്യവംശത്തിനുംവേണ്ടി തുറന്നിടാം.

രക്ഷിക്കപ്പെട്ട മനുഷ്യവംശത്തിന്റെ ശ്രേഷ്ഠതയെ ഐക്കണും സഭയ്ക്കുള്ള മിഷണറിമാരുടെ മാതൃകയുമായ പരിശുദ്ധ മറിയം ഉത്ഥിതനായ കർത്താവിന്റെ സജീവവും നിഗൂഢവുമായ സാന്നിധ്യം വളർത്താനും സംരക്ഷിക്കാനും സകല സ്ത്രീ-പുരുഷന്മാരെയും കുടുംബങ്ങളെയും പഠിപ്പിക്കട്ടെ. ഉത്ഥിതനായ കർത്താവ് വൈയക്തികബന്ധങ്ങളെയും സംസ്കാരങ്ങളെയും നവീകരിക്കുകയും സന്തോഷകരമായ കാരുണ്യംകൊണ്ട് എല്ലാവരെയും നിറയ്ക്കുകയും ചെയ്യുന്നവനാണ്.

വത്തിക്കാനിൽ നിന്ന് 15 മേയ് 2016,
പെന്തെക്കോസ്താത്തിരുനാൾ

**ഫ്രാൻസിസ് പാപ്പാ**

# MISSION SUNDAY COLLECTIONS
# 2015-16

| DISTRICT - I | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | St. Francis Assisi Cathedral, Ernakulam | 260,000.00 |
| 2 | St. Mary's Church, Pulleppady | 100,000.00 |
| 3 | Holy Family Monastery Church, Ernakulam | 40,000.00 |
| 4 | St. Theresa's Monastery Church, Ernakulam | 5,000.00 |
| 5 | St. Sebastian Church, Bolghatty | 30,000.00 |
| 6 | Fathima Matha Church, Elamkulam | 125,000.00 |
| 7 | Infant Jesus Church, Ernakulam | 100,000.00 |
| 8 | St. Sebastian Church, Kadavanthara | 40,000.00 |
| 9 | St. George's Church, Perumanoor | 243,819.00 |
| 10 | Our Lady of Mercy Church, Ponnarimangalam | 70,000.00 |
| 11 | St. Joseph's Church, Thevara | 206,260.00 |
| 12 | The National Shrine Bassilica of Our Lady of Vallarpadam | 135,000.00 |
| 13 | St. Joseph's Church, Panambukad | 28,985.00 |
| 14 | St. Peter & Paul Church, Venduruthy | 13,500.00 |
| DISTRICT - II | | |
| 1 | Our Lady of Mount Carmel Church, Chathiath | 650,000.00 |
| 2 | Lourdu Matha Church, Lourdupuram, Pachalam | 12,500.00 |
| 3 | Don Bosco Church, Thattazhathama, Vaduthala | 80,955.00 |
| 4 | Holy Family Church, Chittoor | 119,760.00 |
| 5 | Our Lady of Perpetual Help Church, Cheranelloor | 200,001.00 |
| 6 | St. James Church, Cheranelloor | 100,000.00 |
| 7 | Sacred Heart of Jesus Church, Kothad | 25,000.00 |
| 8 | St. Augustine's Church, Moolampilly | 70,000.00 |
| 9 | St. Sebastian's Church, Cheriakadamakudy | 3,500.00 |
| 10 | St. Francis Xavier's Church, Pizhala | 30,000.00 |
| 11 | St. Antony's Church, Vaduthala | 331,625.00 |
| 12 | St. Sebastian's Church, Edayakunnam | 35,000.00 |

| DISTRICT - III | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | St. Sebastian Church, Chalikkavottom | 50,000.00 |
| 2 | Lourdu Matha Church, Elamakkara | 210,000.00 |
| 3 | St. Francis Xavier's Church, Kaloor | 1,689,198.00 |
| 4 | St. Michael's Church, Kakkanad | 440,050.00 |
| 5 | Our Lady of Mount Carmel Church, Mamangalam | 165,000.00 |
| 6 | St. Nicholas De Flue Church, Padamugal | 78,200.00 |
| 7 | St. Antony's Church, Athany, Kakkanad | 39,000.00 |
| 8 | St. John the Baptist Church, Palarivattom | 355,700.00 |
| 9 | Capuchin Ashram Church, Ponnurunny | 15,000.00 |
| 10 | St. Francis Xavier's Church, Ponel | 70,860.00 |
| 11 | Sacred Heart of Jesus Church, Edappally North | 10,000.00 |
| 12 | Little Flower Church, Pottakuzhy | 356,025.00 |
| 13 | Our Lady of Dolours Church, Thuthiyoor | 25,000.00 |
| 14 | Abhaya Matha Church, Vennala | 20,000.00 |
| 15 | St. John Bosco Church, Edachira | 8,720.00 |
| **DISTRICT - IV** | | |
| 1 | St. George's Church, Eroor | 58,830.00 |
| 2 | St. Mary Magdalene's Church, Moothedom, Maradu | 275,000.00 |
| 3 | Our Lady of Perpetual Help Church, Udayamperoor | 95,000.00 |
| 4 | St. Jude's Church, Kureekad | 50,000.00 |
| 5 | St. Antony's Church, Mulamthuruthy | 10,000.00 |
| 6 | St. Joseph's Church, Ambalamugal | 8,000.00 |
| 7 | St. Joseph's Church, Tripunithura | 150,000.00 |
| 8 | St. George's Church, Puthankurishu | 26,550.00 |
| 9 | Nirmalambika Church, Irumpanam | 12,000.00 |
| 10 | Church of Our Lady of Immaculate Heart of Mary, Nettoor | 65,000.00 |
| 11 | St. Sebastian's Church, Madavana | 25,000.00 |
| 12 | St. Antony's Church, Panangad | 36,000.00 |
| 13 | St. Joseph's Church, Cheppanam | 16,000.00 |
| 14 | St. Thomas Church, Thomaspuram, Maradu | 50,000.00 |
| 15 | St. Raphael's Church, Thykoodam | 175,000.00 |
| 16 | St. Patrick's Church, Vyttila | 50,000.00 |

| DISTRICT - V | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | Mary Queen Help of Christians Church, Choornikkara | 38,710.00 |
| 2 | St. Antony's Church, Eloor | 32,450.00 |
| 3 | Christ the King Church, Eloor North | 13,821.00 |
| 4 | St. Pius X Church, Kalamassery | 95,200.00 |
| 5 | Vimalambika Church, Pallilamkara | 18,500.00 |
| 6 | St. Paul's Church, Kalamassery | 9,143.00 |
| 7 | St. Thomas Church, Kuttikattukara | 89,234.00 |
| 8 | Fathima Matha Church, Edayar | 19,581.00 |
| 9 | Church Of Our Lady of Imm.Conception, Manjummel | 150,000.00 |
| 10 | St. John of the Apostle Church, Muppathadam | 27,000.00 |
| 11 | St. John of God, Kalamassery | 3,000.00 |
| 12 | St. Jude Church, Unichira | 110,000.00 |
| 13 | Lourdu Matha Church, Thevakkal | 10,000.00 |
| DISTRICT - VI | | |
| 1 | St. Francis Xavier's Church, Alwaye | 31,000.00 |
| 2 | Sacred Heart of Jesus Church, Mudickal | 10,000.00 |
| 3 | Sacred Heart Monastry, Aluva | 3,100.00 |
| 4 | Church of Our Lady of Health, Ponjassery | 21,030.00 |
| 5 | St. Jude Thaddeus Church, Edathala | 138,745.00 |
| 6 | Sacred Heart Church, Khristhunagar, NAD, Aluva | 40,000.00 |
| 7 | Our Lady of Immaculate Conception Church, Koratty | 110,000.00 |
| 8 | St. Jude Thaddeus Church, Yodapuram | 40,000.00 |
| 9 | Our Lady of Dolours Church, Manjaly | 10,000.00 |
| 10 | St. Joseph's Church, Karumaloor, Manakapady | 39,240.00 |
| 11 | Unnimisiha Church, Thelathuruth | 5,000.00 |
| 12 | St. Anne's Church, Thottakattukara | 261,380.00 |
| 13 | St. Antony's Church, Athani, Nedumbassery | 50,000.00 |
| 14 | St. Francis Assissi Church, Chowara | 3,250.00 |
| 15 | St. Jude Church, Kanjoor, Parapuram | 3,005.00 |

| DISTRICT - VII | | |
|---|---|---|
| Sl. No. | Name of Churches | Amount |
| 1 | St. Antony's Church, Chennur | 41,000.00 |
| 2 | Our Lady of Velankanni, Chariyamthuruth | 35,000.00 |
| 3 | St. Joseph's Church, Valiyakadamakudy | 17,000.00 |
| 4 | Christ the King Church, Christnagar | 27,635.00 |
| 5 | St. Philomina's Church, Koonammavu | 277,698.00 |
| 6 | Sacred Heart Church, Thevarkad | 25,000.00 |
| 7 | Church of Our Lady of Rosary, Maloth | 11,000.00 |
| 8 | St. Antony's Church, Kongorpilly | 60,000.00 |
| 9 | Church of Our Lady of Nativity, Muttinakam | 22,400.00 |
| 10 | St. Joseph's Church, Neerikode | 81,370.00 |
| 11 | Little Flower Church, Panayikulam | 102,415.00 |
| 12 | Infant Jesus Church, Thundathumkadavu | 50,500.00 |
| 13 | Amalolbhavamatha Church, Valluvally | 13,250.00 |
| 14 | Mount Carmel & St. Joseph's Church, Varapuzha | 128,075.00 |
| DISTRICT - VIII | | |
| 1 | St. Ambrose Church, Edavanakad | 62,370.00 |
| 2 | St. George Church, Karthedom | 100,000.00 |
| 3 | St. Sebastian's Church, Perumalpady | 15,000.00 |
| 4 | St. Joseph's Church, Kadapuram, Malipuram | 14,000.00 |
| 5 | Cruz Milagres Church, Kurisinkal | 295,162.00 |
| 6 | Church of Our Lady of Rosary, Murikkumpadam | 60,000.00 |
| 7 | St. Sebastian Church, Putthuvaipu | 45,505.00 |
| 8 | Church of Our Lady of Perpetual Help, Ochanthuruth | 100,000.00 |
| 9 | Holy Family Church, Perumpilly | 175,000.00 |
| 10 | Christ the King Church, Arattuvazhy | 56,665.00 |
| 11 | St. Francis Xavier's Church, Manjanakad | 22,500.00 |
| 12 | St. George Church, Nayarambalam, Vadel | 25,000.00 |
| 13 | Sacred Heart of Jesus Church, Manattuparambu | 130,000.00 |

| Sl. No. | Name of Convents & Institutions | Amount |
|---|---|---|
| 1 | Lourdes Hospital, Ernakulam | 300,000.00 |
| 2 | St. Theresa's Convent, Ernakulam | 71,000.00 |
| 3 | Holy Ghost Convent & School, Thottakattukara | 50,000.00 |
| 4 | Vimalalayam Convent, Kacheripady | 39,000.00 |
| 5 | Christ The King Convent & School, Ponnurunni | 35,000.00 |
| 6 | St. Joseph's Woods Convent, Kalamassery | 27,500.00 |
| 7 | St. Antony's Convent, Kacheripady | 22,000.00 |
| 8 | St. Joseph's Vidyabhavan, Edapally Toll | 20,000.00 |
| 9 | Little Flower Engineering Institute, Kalamassery | 20,000.00 |
| 10 | Christhu Jayanthi Hospital, Perumpilly | 20,000.00 |
| 11 | Anugraha Convent, T.D. Road, Ernakulam | 15,000.00 |
| 12 | House of Providence, Ernakulam | 10,000.00 |
| 13 | St. Joseph's Convent, Varapuzha | 10,000.00 |
| 14 | Cherupushpalayam Convent, Koonamavu | 10,000.00 |
| 15 | Mount Carmel Convent, Chathiath | 10,000.00 |
| 16 | St. Francis Xavier's Convent, Kaloor | 10,000.00 |
| 17 | Little Flower Convent, Aluva | 10,000.00 |
| 18 | St. Joseph's Provincilate C.T.C, Kennedymukku | 10,000.00 |
| 19 | St. Xavier's Convent, Aluva | 10,000.00 |
| 20 | Missionary Sisters of Incarmation, Thykoodam | 6,000.00 |
| 21 | Udhayathara Bhavan, Udayamperoor | 5,000.00 |
| 22 | Queen Mary's Convent, Mudickal | 5,000.00 |
| 23 | Mount Carmel Girls High School, Chathiath | 5,000.00 |
| 24 | Incarmation Convent, Vallarpadam | 4,500.00 |
| 25 | Ashirbhavan, Ernakulam | 3,930.00 |
| 26 | Isabella De Rosis Convent, Thevarkad | 3,000.00 |
| 27 | St. Theresa's Mercy Home, Kacheripady | 3,000.00 |
| 28 | Christhu Vikas Convent, N.A.D, Aluva | 3,000.00 |
| 29 | Regina Coeli Convent, Kalamassery | 3,000.00 |
| 30 | Villa Theresa Convent, Press Club Road, Ernakulam | 3,000.00 |
| 31 | St. Elizabeth Convent, Thundathumkadavu | 2,000.00 |
| 32 | Poor Clares Collentines Assisi Monastery, Aluva | 2,000.00 |
| 33 | Adoration Monastery 'Villa Soccorso', Chembumukku | 2,000.00 |
| 34 | St. Joseph's Convent, Unichira | 1,500.00 |
| 35 | Infant Jesus Convent, Ochanthuruth | 1,500.00 |
| 36 | Vimalambika Convent, Ambikapuram | 1,000.00 |
| 37 | Sisters of Holy Nativity, Ponnarimangalam | 1,000.00 |
| 38 | Pranidhyana Harmiam, Ayroor | 1,000.00 |
| 39 | Vimala Hridhaya Convent, Edathala | 1,000.00 |
| 40 | Arpitha Convent, Palarivattom | 1,000.00 |

# CASUS

## AUGUST - 2016

A young priest is appointed as parish priest. His talent in parochial administration is very much appreciated. Once he decided to purchase one acre of land to construct a parish hall building. Since the parish was financially self sufficient, he decided to purchase the proposed land without disturbing anybody, even the church authority. An agreement was made between the parish priest and the land owner. The land owner was given Rs. 1, 00,000/- as advance. After a few days the proposed land was purchased and the foundation stone was laid for the parish hall building. Only then the church authority came to know about this and told him that what he did was extremely wrong. Since he did not obtain the written permission from the church authority to purchase one acre of land, his action was canonically invalid. The Church authority reminded him also that he should have obtained a written consent form the ordinary before doing such matters of major importance.

Questions:

1. What do you mean by the expression "ordinary administration"?
2. What do you mean by the expression "extraordinary administration"?
3. As an administrator of a parish, how do you proceed before executing a matter of major importance?
4. If an administrator invalidly performs an administrative action, how will it affect the parish as a juridical person?
5. What do you say about the action of the young parish priest?

Reference: Canon 1281

**Canon 1281: §1. With due regard for the prescriptions of their statutes, administrators invalidly posit acts which go beyond the limits and procedures of ordinary administration unless they first obtain written authority from the ordinary.**

**§2. The acts which go beyond the limits and procedures of ordinary administration are to be defined in the statutes; if, however, the statutes do not mention such acts, it is within the competence of the diocesan bishop to determine such acts for persons subject to him after he has heard the finance council.**

**§3. Unless and to the extent that it is to its own advantage, a juridic person is not held to answer for acts invalidly posits by its administrators. A juridic person, however, is responsible for acts illegitimately but validly posited by its administrators with due regard for the right to sue or to have recourse against administrators who have damaged it.**

# CASUS
## SEPTEMBER - 2016

Once, a Catholic Priest was bringing the Holy Communion to the sick. As soon as he entered the hospital, a non catholic patient, approached the Catholic Priest and requested him to give him the Holy Communion. The Catholic Priest refused him the Holy Communion telling that he was not a Catholic. He told him that he really believed in the Seven Sacraments and was well disposed to receive the Holy Communion. The priest told him that since his Church was not in full communion with the Catholic Church, he was not allowed to administer the Sacraments to non-Catholics.

Questions:

1. What are the elements which constitute the full Communion in the Catholic Church? (Ref. Can. 205)
2. What is the meaning of *Communicatio in Sacris* (Sharing in sacred things)? (Ref. Vatican II, Decree on Ecumenism *Unitatis Redintegratio*, n. 8).
3. In the Code of Canon Law, we can see with exceptions three Sacraments can be shared with non Catholics in certain situations. What are these Sacraments?

   (Ref. Can. 844).
4. Can a Catholic receive these three Sacraments from a non Catholic Minister?

   If yes, what are the conditions? (Ref. Can. 844 §2; DE, 123 [Directory for the Application of Principles and Norms on Ecumenism, issued by the Pontifical Council for Promoting Christian Unity, March 25, 1993, *AAS* 85 {1993} 1039-1119]).
5. On what conditions Catholic Ministers can administer these sacraments to non Catholic members of Eastern Churches? (Ref. Can. 844 §3)

6. Can a Catholic Priest administer these Sacraments to a Protestant or an Anglican or other Churches where there no other sacraments except Baptism? (Ref. Can. 844 §4).

## List of Orthodox/Oriental Churches not in full communion with the Holy See but having valid Baptism

**The East Syrian Church** (The Christian of St. Thomas)

The Syro-Chaldean Church of the East

The Syrian-Orthodox Church (West Syrian)

The Independent Syrian Church of Malabar

The Mar Thoma Syrian Church

**The Armenian Orthodox Church**

**The West Syrian Churches**

The Syrian Orthodox (Jacobite) Church of the East

The Coptic Church

The Ethiopian Church

**The Eastern Orthodox (Byzantine) Churches**

The Ecumenical Patriarchate of Constantinople

The Patriarchate of Alexandria

The Patriarchate of Antioch and all the East

The Patriarchate of Jerusalem

The Patriarchate of Moscow and all Russians

The Archiepiscopate of the Island of Cyprus

The Serbian Orthodox Patriarchate

The Romanian Orthodox Patriarchate

The Bulgarian Orthodox Patriarchate

The Archiepiscopate of Greece

The Metropolia of Poland
The Metropolia of Albania
The Patriarchate-Katholidosate of Georgia
The Archiepiscopate of Finland
The Metropolia of Macedonia
The orthodox Metropolia of Czechoslovakia
The Orthodox Church in America
The American Carpatho-Russian Orthodox Greek-Catholic Diocese
The Ukranian Orthodox Churches
The Eastern Orthodox in Hungary
The Orthodox Church of Belarussia

**List of other Non-Catholic Churches/Ecclesial Communities Having Valid Baptism**

The "Ecumenical Guidelines" prepared by the CBCI Commission for Ecumenism, lists the following Churches as also having valid baptisms:

1. The Syrian Church of Mar Thoma
2. The Anglican Church
3. The Methodist Church
4. The Lutheran Churches
5. The Chaldean Syrian Church of the East
6. The Baptist Church
7. The Church of South India
8. The Church of North India
9. The Seventh Day Adventist
10. Various Groups of Pentecostals
11. The Mennonite Churches
12. The Plymouth Bretheren

## CASUS
## OCTOBER - 2016

A Catholic Priest had an amorous relationship with a woman, which led the woman's pregnancy. When she informed him of her pregnancy, he wanted her to abort the child. The woman did not want to procure the abortion. But the Catholic Priest insisted on the abortion and paid for all the expenses, and the abortion was procured. The woman, however, later complained to the Priest's Bishop. As the news of their relationship and the subsequent abortion normally spread in the parish church as well as in the diocese. The Bishop made inquiries and met with the priest who admitted his misdeeds. Now the Priest is under the canonical implications of his delict.

**1. What is the penal consequence of the delict of abortion? (see Can. 1398)**

Ans: Can. 1398: A person who procures a completed abortion incurs a *latae sententiae* excommunication.

According to Can. 1398, a person who knowingly and freely procures a completed abortion incurs a *latae sententiae* excommunication. A confessor can remit the penalty of *latae sententiae* excommunication in the internal sacramental forum.

**2. What is the penal consequence of abortion if it is committed by a priest? (Cann. 1041, 3-4; 1045)**

Ans: Anyone who had procured a completed abortion or positively cooperated in it is irregular for receiving orders even if there is technically no delict (see Can. 1041, 4Ú). In similar circumstances if there has technically been a delict, such a one is irregular for exercising orders already received as per Can. 1044, §1, 3Ú.

Can. 1041: The following are irregular for receiving orders:

Can. 1041, 3º: a person who has attempted marriage, even only civilly, while either impeded personally from entering marriage

by a matrimonial bond, sacred orders, or a public perpetual vow of chastity, or with a woman bound by a valid marriage or restricted by the same type of vow; 4º a person who has committed voluntary homicide or procured a completed abortion and all those who positively cooperated in either;

Can. 1044 §1: The following are irregular for the exercise of orders received:

3º a person who has committed a delict mentioned in Can. 1041, nn. 3-6.

Can. 1045: Ignorance of the irregularities and impediments does not exempt from them.

Members of religious institutes, secular institutes, or societies of apostolic life must be dismissed for committing such a delict as per Can. 695 which states: Can. 695 §1. A member must be dismissed for the delicts mentioned in cann. 1397, 1398, and 1395, unless in the delicts mentioned in can. 1395, §2, the superior decides that dismissal is not completely necessary and that correction of the member, restitution of justice, and reparation of scandal can be resolved sufficiently in another way.

§2. In these cases, after the proofs regarding the facts and imputability have been collected, the major superior is to make known the accusation and proofs to the member to be dismissed, giving the member the opportunity for self-defense. All the acts, signed by the major superior and a notary, together with the responses of the member, put in writing and signed by that member, are to be transmitted to the supreme moderator.

**3. How can the penalty of excommunication be remitted? (Can. 1355)**

Ans: Can. 1355 §1: Provided that the penalty has not been reserved to the Apostolic See, the following can remit an imposed or declared penalty established by law:

1º the ordinary who initiated the trial to impose or declare a penalty or who personally or through another imposed or declared it by decree;

2º the ordinary of the place where the offender is present, after the ordinary mentioned under n. 1 has been consulted unless this is impossible because of extraordinary circumstances.

§2: If the penalty has not been reserved to the Apostolic See, an ordinary can remit a *latae sententiae* penalty established by law but not yet declared for his subjects and those who are present in his territory or who committed the offense there; any bishop can also do this in the act of sacramental confession.

Printed and Published by Fr. Varghese Valiaparambil
Vimala Social Service Centre, Kakkanad, Kochi - 21